# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ. 3677 17/12/2015-ലെ മറുപടിക്ക്.

## തീരസേനയ്ക്ക് എയർ സ്ട്രിപ്പ്

ചോദ്യം :

ശ്രീ. എൻ.എ.നെല്ലിക്കുന്ന്
ശ്രീ. കെ.എം.ഷാജി

മറുപടി :
രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എവിടെ യെങ്കിലും തീരസേനയ്ക്ക് എയർ സ്ട്രിപ്പ് തുടങ്ങു ന്നതിന് കേന്ദ്രത്തിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വളരെയധികം ഭൂമി ആവശ്യ മായതിനാൽ, തീരസേനയ്ക്ക് സ്വന്തമായി എയർ സ്ട്രിപ്പ് തുടങ്ങാൻ പദ്ധതിയില്ല. പകരം, നിലവിലെ എല്ലാ വിമാന ത്താവളങ്ങളുടെയും പരിസരത്ത് 10 മുതൽ 15 ഏക്കർ വരെ വിസ്തൃതിയിൽ മൂന്നോ, നാലോ എയർക്രാഫ്റ്റുകൾക്ക് നിൽക്കാൻ സൗകര്യപ്പെടുന്ന വിധത്തിൽ ഹാങ്ങറും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് 'എയർ എൻക്ലേവ്' തുടങ്ങുന്നതിന് തീരസേനയ്ക്ക് കേന്ദ്ര പ്രതിരോധ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതുകൊണ്ട് സംസ്ഥാനത്തിന് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്ന എന്തെങ്കിലും പ്രയോജനങ്ങൾ കിട്ടാതാകുമോ; | (ബി) | ഇല്ല. |
| (സി) | തീരസേനയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നാണ് കരുതുന്നത്; | (സി) | 2002 മുതൽ പരിമിതമായ രീതിയിൽ തീരസേന വ്യോമ നിരീക്ഷണം നടത്തി വരുന്നുണ്ട്. കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിലെ എയർ എൻക്ലേവുകൾ പൂർത്തിയാകുന്ന മുറയ്ക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. |
| (ഡി) | ഇതിന്റെ ഓഫീസിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി എന്തെല്ലാം കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്; ഇതിന്റെ ഒരുക്കങ്ങൾ എപ്രകാരമാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (ഡി) | കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തോട് ചേർന്ന് 10.02 ഏക്കർ സ്ഥലം തീരസേനയ്ക്ക് നല്കിയിട്ടുണ്ട്. പുറമെ തിരുവനന്തപുരം വിമാനത്താവളത്തോട് ചേർന്ന് 5 ഏക്കർ സ്ഥലം തീരസേന ആവശ്യപ്പെട്ടിട്ടുണ്ട്. വിമാനങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഹാങ്ങർ, അറ്റകുറ്റ പണികൾക്കായുള്ള ടെക്നിക്കൽ ഏരിയ, ഓഫീസ് സൗകര്യം എന്നിവയ്ക്ക് വേണ്ടിയാണ് സ്ഥലം ആവശ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ